കേരള സർക്കാർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

സംസ്ഥാന
ഹോർട്ടികൾച്ചർ മിഷൻ - കേരള,
യൂണിവേഴ്സിറ്റി പി ഒ,
തിരുവനന്തപുരം



# വാർഷിക പ്രവർത്തന റിപ്പോർട്ട്

## 2023-24

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള, യൂണിവേഴ്സിറ്റി പി ഒ, തിരുവനന്തപുരം

# സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരള

## വാർഷിക പ്രവർത്തന റിപ്പോർട്ട് 2023–24

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ (എൻ.എച്ച്.എം.) പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനായി 2005 നവംബർ മാസം തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘം രജിസ്റ്ററാക്കൽ ആക്ട് (1955) പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരള. 2014–15–ൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയെ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി അടിസ്ഥാന സൗകര്യ വികസനം, വിളവിസ്തൃതി വ്യാപനം, കൃഷിത്തോട്ടങ്ങളുടെ പുനഃരുദ്ധാരണം, കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ഒരുക്കൽ, സംയോജിത സസ്യ സംരക്ഷണ മുറകൾ പ്രോത്സാഹിപ്പിക്കൽ, സംരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ, വിളവെടുപ്പാനന്തര പരിപാലനം പ്രോത്സാഹിപ്പിക്കൽ, വിപണികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, സാങ്കേതിക വിജ്ഞാനവ്യാപനം, മാനവവിഭവശേഷി വികസനം, പച്ചക്കറി–പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം എന്നിവയാണ് മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിദേശ ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ, പാഷൻഫ്രൂട്ട്, റംബൂട്ടാൻ, മാഗോസ്റ്റീൻ, സ്ട്രോബറി എന്നിവയും നാടൻ ഫലവർഗ്ഗവിളകളായ മാവ്, പ്ലാവ്, കുടംപുളി, വാഴ, കൈതച്ചക്ക, പപ്പായ എന്നിവയും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയും സുഗന്ധതൈല വിളയായ വെറ്റില, തോട്ടവിളകളായ കശുമാവ്, കൊക്കോ എന്നീ വിളകളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ, ഹൈബ്രിഡ് പച്ചക്കറി കൃഷി, പുഷ്പകൃഷി (കട്ട്ഫ്ളവർ, ലൂസ് ഫ്ളവർ), കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനു പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതികളും, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF) പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

സമഗ്രവും അത്യാധുനികവുമായ കൃഷി രീതികൾ, പ്രാദേശിക അടിസ്ഥാനത്തിൽ കാർഷിക ഗവേഷണം, സാങ്കേതിക വിജ്ഞാനവ്യാപനം, വിളവെടുപ്പാനന്തര പരിപാലനം, വിപണനം

എന്നിവ അവലംബിക്കുക വഴി ഉയർന്ന ഉത്പാദനക്ഷമത ഉറപ്പാക്കുക, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുക, ഇതിലൂടെ പഴം, പച്ചക്കറി, പുഷ്പങ്ങൾ ഇവയുടെ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്നതാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ പരമമായ ലക്ഷ്യം.

**പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ**

കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), ഹോർട്ടിക്കോർപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സർക്കാരേതര സന്നദ്ധ സംഘടനകൾ, കർഷകർ, കർഷക കൂട്ടായ്മകൾ, സ്വയം സഹായ കർഷക സംഘങ്ങൾ, സ്വകാര്യ സംരംഭകർ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- അഡ്മിനിസ്ട്രേഷൻ**

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ഭരണപരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ഗവേണിംഗ് ബോഡിയും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്.

- **ഗവേണിംഗ് ബോഡി** - ബഹു. കൃഷിവകുപ്പ് മന്ത്രി ചെയർമാനും കാർഷികോത്പാദന കമ്മീഷണർ വൈസ് ചെയർമാനും മിഷൻ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള സമിതിയാണ് ഗവേണിംഗ് ബോഡി. കൃഷിവകുപ്പ് സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, നാളീകേര വികസന ബോർഡ് ചെയർമാൻ, സുഗന്ധവിള ബോർഡ് ചെയർമാൻ, ധനകാര്യവകുപ്പ് (ധനവിനിയോഗം) സെക്രട്ടറി, സി.പി.സി.ആർ.ഐ ഡയറക്ടർ, ഐ.ഐ.എസ്.ആർ ഡയറക്ടർ, അരക്കനട്ട് ആന്റ് സ്പൈസസ് ഡെവലപ്മെന്റ് ഡയറക്ടർ, കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ, വി.എഫ്.പി.സി.കെ സി.ഇ.ഒ, ഹോർട്ടിക്കോർപ്പ് മാനേജിംഗ് ഡയറക്ടർ, എൻ.എച്ച്.ബി. അസിസ്റ്റന്റ് ഡയറക്ടർ, നബാർഡ് ചീഫ് ജനറൽ മാനേജർ, കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം ഡയറക്ടർ കൂടാതെ, ഹോർട്ടിക്കൾച്ചർ മേഖലയിൽ നിന്നുള്ള കർഷക പ്രതിനിധികൾ എന്നിവരാണ് മറ്റ് ഗവേണിംഗ് ബോഡി അംഗങ്ങൾ.
- **സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി** - കാർഷികോത്പാദന കമ്മീഷണർ ചെയർമാനും മിഷൻ ഡയറക്ടർ മെമ്പർ സെക്രട്ടറിയും, കൃഷിവകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് (ധനവിനിയോഗം) സെക്രട്ടറി, കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ, കേരള കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡയറക്ടർ, സുഗന്ധവിള ബോർഡ് ചെയർമാൻ എന്നിവർ ഉൾപ്പെട്ടതാണ് സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി.

- **ജില്ലാ ഹോർട്ടിക്കൾച്ചർ മിഷൻ** – എല്ലാ ജില്ലകളിലും ജില്ലാതല പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ വൈസ് ചെയർമാനും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) മെമ്പർ സെക്രട്ടറിയായും ജില്ലാ ഹോർട്ടിക്കൾച്ചർ മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കൃഷി വിജ്ഞാന കേന്ദ്രം എന്നിവയിലെ പ്രതിനിധികളെയും, കർഷക പ്രതിനിധികളെയും ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റി പ്രവർത്തിക്കുന്നു.

**ജീവനക്കാരുടെ ഘടന**

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരളയിൽ സ്ഥിര നിയമനങ്ങളൊന്നും തന്നെയില്ല. സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും 6 ഉദ്യോഗസ്ഥരും കരാർ വ്യവസ്ഥയിൽ പ്രോജക്ട് ജീവനക്കാരും സേവനമനുഷ്ഠിച്ച് വരുന്നു.

2023–24 കാലയളവിലെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരളയിലെ സംസ്ഥാനത്താകെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | മിഷൻ ഡയറക്ടർ | – | 1 | |
| 2. | കൃഷി ജോയിന്റ് ഡയറക്ടർ | – | 1 (വർക്കിംഗ് അറേഞ്ച്മെന്റ്) | |
| 3. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) | – | 1 (വർക്കിംഗ് അറേഞ്ച്മെന്റ്) | |
| 4. | കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | – | 4<br>(വർക്കിംഗ് അറേഞ്ച്മെന്റ് – 1,<br>ഡെപ്യൂട്ടേഷൻ – 3) | |
| 5. | അക്കൗണ്ട്സ് ഓഫീസർ | – | 1 | (കരാർ നിയമനം) |
| 6. | അസ്സി. അക്കൗണ്ട്സ് ഓഫീസർ | – | 1 | (കരാർ നിയമനം) |
| 7. | ഫീൽഡ് കൺസൾട്ടന്റ് | – | 15 | (കരാർ നിയമനം) |
| 8. | ഫീൽഡ് അസ്സിസ്റ്റന്റ് | – | 95 | (കരാർ നിയമനം) |
| 9. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കം ഫ്രണ്ട് ഓഫീസ് മാനേജർ | – | 1 | (കരാർ നിയമനം) |
| 10. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | – | 1 | (കരാർ നിയമനം) |
| 11. | ക്ലർക്ക് കം ടൈപ്പിസ്റ്റ് | – | 1 | (കരാർ നിയമനം) |
| 12. | ഡ്രൈവർ | – | 16 | (കരാർ നിയമനം) |
| 13. | ഓഫീസ് അറ്റൻഡർ | – | 5 | (കരാർ നിയമനം) |
| | **ആകെ** | – | **143** | |

**മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്)**

2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി നടപ്പിലാക്കുന്നതിനായി 5763.13 ലക്ഷം രൂപയുടെ വാർഷിക പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. ഇതിൽ 5063.28 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കും 699.85 ലക്ഷം രൂപ മുൻ വർഷങ്ങളിലെ സ്പിൽഓവർ പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തിയിരുന്നത്.

2023-24-ലെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയ്ക്ക് ലഭ്യമായ 3015.2229 ലക്ഷം രൂപയിൽ 3005.800 ലക്ഷം രൂപ എം.ഐ.ഡി.എച്ച്-ന്റെ വാർഷിക പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചു.

വിത്ത് മുതൽ വിപണി വരെയുള്ള കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനത്തിന് വേണ്ടി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

നടീൽവസ്തുക്കളുടെ ഉത്പാദനം

**ഹൈടെക് നഴ്സറി**

4 ഹെക്ടർ വരെയുള്ള ഹൈടെക് നഴ്സറി സ്ഥാപിക്കുവാൻ ഹെക്ടറൊന്നിന് പൊതുമേഖലയിൽ പദ്ധതി ചെലവിന്റെ 100 ശതമാനമായ 25 ലക്ഷം രൂപയും സ്വകാര്യമേഖലയിൽ പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും വായ്പാബന്ധിത ധനസഹായം നൽകുന്ന പദ്ധതിയാണിത്. കുറഞ്ഞത് ഒരു ഹെക്ടറിൽ 50000 തൈകളെങ്കിലും പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പിക്കണം. ഇത് പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ 2 ഹൈടെക് നഴ്സറി സ്ഥാപിക്കുന്നതിനായി ഇടുക്കി മൈലാടുംപാറ ഐ.സി.ആർ.ഐ. സ്പൈസസ് ബോർഡിന് 100.00 ലക്ഷം രൂപയും കണ്ണൂർ ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡിന് 46.51475 ലക്ഷം രൂപയും സ്വകാര്യ മേഖലയിൽ 6.114 ലക്ഷം രൂപയും മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**ചെറുകിട നഴ്സറികളുടെ സ്ഥാപനം (1 ഹെക്ടർ)**

ഒരു ഹെക്ടർ ഉള്ള ചെറുകിട നഴ്സറികൾ സ്ഥാപിക്കുവാൻ പൊതുമേഖലയിൽ പദ്ധതി ചെലവിന്റെ 100 ശതമാനമായ 15 ലക്ഷം രൂപയും, സ്വകാര്യമേഖലയിൽ പരമാവധി 50 ശതമാനമായ 7.5 ലക്ഷം രൂപ വായ്പാബന്ധിത ധനസഹായമായി പദ്ധതിയിൽ

നൽകുന്നു. ദീർഘകാല ഫല വൃക്ഷങ്ങൾ / സുഗന്ധവിള വൃക്ഷങ്ങൾ/ തോട്ട വിളകൾ എന്നിവയുടെ കുറഞ്ഞത് 25000 തൈകൾ പ്രതിവർഷം ഈ നഴ്സറികളിൽ ഉത്പാദിപ്പിക്കണം. ഇത് പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാ ക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും സ്വകാര്യമേഖലയിൽ 2 ചെറുകിട നഴ്സറികൾ (വയനാട്, കൊല്ലം) സ്ഥാപിക്കുന്നതിനായി 15.00 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## പുതിയ ടിഷ്യൂക്കൾച്ചർ ലാബുകളുടെ നിർമ്മാണം

2023-24 സാമ്പത്തിക വർഷത്തിൽ, പുതിയ ടിഷ്യൂക്കൾച്ചർ ലാബുകൾ നിർമ്മിക്കുന്നതിനായി മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും സ്വകാര്യമേഖലയിൽ തിരുവനന്തപുരം ജില്ലയിൽ ഒരു ടിഷ്യൂക്കൾച്ചർ ലാബ് സ്ഥാപിക്കുന്നതിനായി 33.9976 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

## സീഡ് ഇൻഫ്രാസ്ട്രക്ച്ചർ യൂണിറ്റ്

(Handling, Processing, Packing, Storage etc)

2023-24 സാമ്പത്തിക വർഷത്തിൽ വിത്ത് ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കായംകുളം ഓണാട്ടുകര റീജണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷന് 28.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## വിത്തുത്പാദനത്തിന് സഹായം

പച്ചക്കറികളുടേയും സുഗന്ധവ്യഞ്ജനങ്ങളുടേയും (ഓപ്പൺ പോളിനേറ്റഡ് ക്രോപ്പ്) വിത്തുത്പാദനത്തിൽ പൊതുമേഖലയിൽ ഹെക്ടറൊന്നിന് 35000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ പരമാവധി 5 ഹെക്ടറിന് വരെയാണ് ഗുണഭോക്തൃ സ്ഥാപനത്തിന് ധനസഹായം നൽകുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ 250 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയതിന് വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള-ന് 87.5 ലക്ഷം രൂപ അനുവദിച്ചു. ചീര, പയർ, മുളക്, വെണ്ട, വെള്ളരി മുതലായ വിവിധ വിളകളുടെ 45 മെട്രി.ടൺ വിത്ത് ഉത്പാദിപ്പിച്ചു. കൂടാതെ, ഹൈബ്രിഡ് പച്ചക്കറി വിത്തുത്പാദനത്തിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഹെക്ടറൊന്നിന് 1.5 ലക്ഷം രൂപ നിരക്കിൽ 5 ഹെക്ടർ പദ്ധതി നടപ്പിലാക്കിയതിന് 7.50 ലക്ഷം രൂപ വിനിയോഗിച്ചു. കേരള കാർഷിക സർവ്വകലാശായുടെ വിവിധ സ്റ്റേഷനുകളിൽ കുക്കുംബർ, തണ്ണിമത്തൻ എന്നിവയുടെ ഹൈബ്രിഡ് വിത്തുത്പാദനം നടപ്പിലാക്കി വരുന്നു.

2. വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കൽ

ഈ ഘടകത്തിൽ ഉൾപ്പെടുത്തി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു.

- ഡ്രാഗൺ ഫ്രൂട്ടിന്റെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:20:20 എന്ന അനുപാതത്തിൽ മൂന്ന് വർഷകാലയളവിലായി ധനസഹായം നൽകുന്നു. സ്ട്രോബറിയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 50,000/- രൂപ ധനസഹായം നൽകുന്നു. വാഴയുടെയും കൈതച്ചക്കയുടെയും സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 35,000 രൂപ 75:25 എന്ന അനുപാതത്തിൽ (ഒന്നും രണ്ടും വർഷങ്ങളിലായി) ധനസഹായം നൽകുന്നു. ടിഷ്യുകൾച്ചർ വാഴയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000 രൂപ 75:25 എന്ന അനുപാതത്തിൽ ധനസഹായം നൽകുന്നു.
- പപ്പായയുടെ സൂക്ഷ്മ ജലസേചന സംവിധാനത്തോടു കൂടിയ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 80,000 രൂപ 75:25 എന്ന അനുപാതത്തിലും സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30,000 രൂപ 75:25 എന്ന അനുപാതത്തിലും നൽകുന്നു.
- മാവ്, പ്ലാവ്, അവാക്കാഡോ, റംബൂട്ടാൻ, പാഷൻഫ്രൂട്ട്, മാംഗോസ്റ്റീൻ, നെല്ലി, കുടംപുളി, ഞാവൽ എന്നീ ഫലവർഗ്ഗ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 30000/- രൂപ 60:20:20 എന്ന അനുപാതത്തിൽ 18,000/-, 6000/-, 6000/- എന്ന നിരക്കിൽ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി നൽകുന്നു. ഫലവർഗ്ഗ വിളകളുടെ വിളവിസ്തൃതി വ്യാപനത്തിന് ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.
- അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ

ധനസഹായം നൽകും. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- കട്ട്ഫ്ളവർ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 40000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 16000/- രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 12000/- രൂപയും, കുരുമുളകിന്റെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000/- രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- വെറ്റില കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40000/- രൂപ ധനസഹായം നൽകും. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

- കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ സൂക്ഷ്മജലസേചന സംവിധാനമില്ലാതെ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20000 രൂപ 60:20:20 (ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലായി) എന്ന അനുപാതത്തിൽ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ വിദേശ ഫലവർഗ്ഗമായ ഡ്രാഗൺ ഫ്രൂട്ടിന്റെ 34.24 ഹെക്ടർ പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 10.272 ലക്ഷം രൂപയും ഒന്നും രണ്ടും വർഷങ്ങളിലെ പരിപാലനത്തിനായി 3.791 ലക്ഷം രൂപയും ധനസഹായം നല്കി 3.65 ഹെകടറിൽ സൂക്ഷമജലസചന സൗകര്യത്തോട്ടുകൂടിയ സ്ട്രോബറി കൃഷിയ്ക്കായ് 4.088 ലക്ഷം രൂപയും 28 ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാതെ സ്ട്രോബറി കൃഷ്യ്ക്കായ് 14.00 ലക്ഷം രൂപയും, 650 ഹെക്ടർ സ്ഥലത്ത് വാഴ (Sucker) കൃഷിയ്ക്കായ് 227.47 ലക്ഷം രൂപയും 369.57 ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്ത കൈതച്ചക്ക ( sucker) കൃഷിയ്ക്കായി 129.35 ലക്ഷം രൂപയും, 3.78 ഹെകടർ സ്ഥലത്ത് പപ്പായ (സൂക്ഷ്മ ജലസേചന സൗകര്യത്തോട്ടുകൂടി) കൃഷിയ്ക്കായ് 2.265 ലക്ഷം രൂപയും ഒന്നാം വർഷ പരിപാലനത്തിനായി 0.967 ലക്ഷം രൂപയും 10.58 ഹെക്ടറിൽ സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്ത പപ്പായ കൃഷിയ്ക്കായ് 2.38 ലക്ഷം രൂപയും ഒന്നാം വർഷ പരിപാലനത്തിനായി 0.97 ലക്ഷം രൂപയും ചിലവഴിച്ചു.

മാവ്, പ്ലാവ്, റംബൂട്ടൻ, പേര മുതലായ ഫലവർഗ്ഗ വിളകളുടെ 10.3 ഹെക്ടറിൽ അതിസാന്ദ്രതാ കൃഷിയ്ക്കായി 3.71 ലക്ഷം രൂപയും 8 ഹെക്ടറിൽ ഒന്നാം വർഷം പരിപാലനത്തിനായി 0.96 ലക്ഷം രൂപയും നൽകി.

24.60 ഹെക്ടറിൽ മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 4.43 ലക്ഷം രൂപയും, 63.67 ഹെക്ടറിൽ പ്ലാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 11.46 ലക്ഷം രൂപയും, 24.77 ഹെക്ടറിൽ അവോക്കാഡോയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 4.46 ലക്ഷം രൂപയും, 102.24 ഹെക്ടറിൽ റംബൂട്ടാന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 18.40 ലക്ഷം രൂപയും, 18 ഹെക്ടറിൽ പാഷൻഫ്രൂട്ടിന്റെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 3.24 ലക്ഷം രൂപയും, 29.17 ഹെക്ടറിൽ മാഗോസ്റ്റീന്റെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 5.25 ലക്ഷം രൂപയും, 8.50 ഹെക്ടറിൽ കുടംപുളിയുടെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1.53 ലക്ഷം രൂപയും ധനസഹായം നൽകി. കൂടാതെ, ദീർഘ കാല വിളകളുടെ തുടർ വർഷ പരിപാലനത്തിനുള്ള ധനസഹായമായി 20.15560 ലക്ഷം രൂപ നൽകി.

2023-24 സാമ്പത്തിക വർഷം 1126.04 ഹെക്ടറിൽ അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 225.01 ലക്ഷം രൂപയും ധനസഹായം നൽകി. 83 ഹെക്ടർ സ്ഥലത്ത് ഓർക്കിഡ്, ആന്തൂറിയം, ജർബറ എന്നീ പുഷ്പങ്ങളുടെ കൃഷിയ്ക്കായി 33.00 ലക്ഷം രൂപയും, 176.5 ഹെക്ടറിൽ മുല്ല, ജമന്തി എന്നീ പുഷ്പങ്ങളുടെ കൃഷിയ്ക്കായി 28.24 ലക്ഷം രൂപയും ധനസഹായം നല്കി.

2023-24 സാമ്പത്തിക വർഷം 516.50 ഹെക്ടറിൽ സുഗന്ധവിളകളായ ഇഞ്ചി, മഞ്ഞൾ കൃഷിയ്ക്ക് 61.98 ലക്ഷം രൂപയും 1206.94 ഹെക്ടർ സ്ഥലത്ത് ദീർഘകാല സുഗന്ധ വിളയായ കുരുമുളക്, ജാതി, ഗ്രാംമ്പൂ, കറുവപട്ട എന്നിവയുടെ കൃഷിയ്ക്ക് 241.39 ലക്ഷം രൂപയും ധനസഹായം നല്കി. 69.71 ഹെക്ടറിൽ സുഗന്ധതൈലവിളയായ വെറ്റിലയുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നതിനായി 27.88 ലക്ഷം രൂപ ധനസഹായം നൽകി. 100 ഹെക്ടറിൽ രാമച്ചം, വെളുത്തുള്ളി എന്നിവയുടെ കൃഷിയ്ക്കായി 16.00 ലക്ഷം രൂപയും ധനസഹായം നൽകി.

44 ഹെക്ടർ കശുമാവ് കൃഷിക്കായി 5.28 ലക്ഷം രൂപയും 199.10 ഹെക്ടർ കൊക്കോ കൃഷിക്കായി 23.89 ലക്ഷം രൂപയും ധനസഹായം നൽകി. കൂടാതെ, കശുമാവ്, കൊക്കോ എന്നീ വിളകളുടെ തുടർ വർഷപരിപാലനത്തിനായി 4.46 ലക്ഷം രൂപ ധനസഹായം നൽകി.

വിവിധയിനം ഹോർട്ടിക്കൾച്ചർ വിളകളുടെ വിളവിസ്തൃതി വ്യാപനത്തിനും പരിപാലനത്തിനുമായി 1136.27860 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

3. കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം

ഉത്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 20,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണം നടത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

2023–24 സാമ്പത്തിക വർഷം 499.69 ഹെക്ടർ സ്ഥലത്ത് കുരുമുളക്, കൊക്കോ, മാവ്, ജാതി മുതലായ വിളകളുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 99.94 ലക്ഷം രൂപ ധനസഹായമായി നൽകി.

4. കൂൺ കൃഷി

പൊതുമേഖലയിൽ കൂൺ ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 20 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി പദ്ധതി ചെലവിന്റെ 100 ശതമാനവും സ്വകാര്യമേഖലയ്ക്ക് പദ്ധതി ചെലവിന്റെ 40 ശതമാനമായ 8 ലക്ഷം രൂപയും വായ്പാബന്ധിത ധനസഹായമായി അനുവദിക്കുന്നു.

2023– 24 സാമ്പത്തിക വർഷം സ്വകാര്യമേഖലയിൽ 2 കൂൺ ഉത്പാദന യൂണിറ്റുകൾ ഇടുക്കി, കോഴിക്കോട് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 15.84 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലയിൽ കൂൺ വിത്തുത്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 15 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി പദ്ധതി ചെലവിന്റെ 100%–വും, സ്വകാര്യമേഖലയ്ക്ക് പദ്ധതി ചെലവിന്റെ 40 ശതമാനമായ 6 ലക്ഷം രൂപ വായ്പാബന്ധിത ധനസഹായമായി അനുവദിക്കുന്നു.

2023–24 സാമ്പത്തിക വർഷം സ്വകാര്യമേഖലയിൽ ഒരു കൂൺ ഉത്പാദന യൂണിറ്റ് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനായി 5.67 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു.

5. ജലസ്രോതസ്സുകളുടെ നിർമ്മാണം

മലയോര പ്രദേശങ്ങളിൽ 10 ഹെക്ടർ സ്ഥലത്തെ ജലസേചനത്തിനാവശ്യമായ കമ്മ്യൂണിറ്റി ടാങ്ക്/ കുളം/ ജലസംഭരണികൾ നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് 25 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ, വ്യക്തിഗത ജലസംഭരണികൾ നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡി നിരക്കിൽ സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 75000/- രൂപയും, മലയോര പ്രദേശങ്ങളിൽ 90000/- രൂപയും ധനസഹായം നൽകുന്നു.

2023–24 സാമ്പത്തിക വർഷത്തിൽ സമതല പ്രദേശങ്ങളിൽ വ്യക്തിഗത ജലസംഭരണികളുടെ 26 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 19.30 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 25 വ്യക്തിഗത ജലസംഭരണികൾ സ്ഥാപിച്ചതിന് 22.52 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

### 6. സംരക്ഷിത കൃഷി

സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിന് സമതലപ്രദേശങ്ങളിൽ ച:മീറ്ററിന് 530/– രൂപയും, മലയോര പ്രദേശങ്ങളിൽ 610/– രൂപയും, പ്ലാസ്റ്റിക് പുതയിടീലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്ക് സമതലപ്രദേശങ്ങളിൽ ഹെക്ടറൊന്നിന് 16000/– രൂപയും മലയോര പ്രദേശങ്ങളിൽ 18400/– രൂപയും, ട്യൂബുലാർ തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച:മീറ്ററിന് സമതലപ്രദേശങ്ങളിൽ ച:മീറ്ററിന് 355/– രൂപയും മലയോര പ്രദേശങ്ങളിൽ 408/– രൂപയും, പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി നടീൽ വസ്തുക്കളുടെ ചെലവിനും കൃഷിയ്ക്കുമായി ച:മീറ്ററിന് 70/– രൂപയും, ഓർക്കിഡ്, ആന്തൂറിയം മുതലായവയ്ക്ക് 350/– രൂപയും, കാർണേഷൻ, ജർബറ മുതലായവയ്ക്ക് 305/– രൂപയും റോസ്, ലില്ലി എന്നിവയ്ക്ക് 213/– രൂപയും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

2023–24 സാമ്പത്തിക വർഷത്തിൽ 0.13 ച.മീ. ഫാൻ ആന്റ് പാഡ് സിസ്റ്റത്തിനായി 10.72 ലക്ഷം രൂപയും സമതല പ്രദേശത്ത് 0.77 ഹെക്ടറിൽ ട്യൂബുലാർ സ്ട്രക്ച്ചർ ഗ്രീൻഹൗസ് സ്ഥാപിച്ചതിന് 40.57 ലക്ഷം രൂപയും, മലയോര പ്രദേശത്ത് 0.04 ഹെക്ടറിൽ ട്യൂബുലാർ സ്ട്രക്ച്ചർ ഗ്രീൻഹൗസ് സ്ഥാപിച്ചതിന് 2.44 ലക്ഷം രൂപയും ധനസഹായം നൽകി. സമതല പ്രദേശത്ത് 3.14 ഹെക്ടറിൽ ട്യൂബുലാർ തണൽവല സ്ഥാപിച്ചതിന് 111.64 ലക്ഷം രൂപയും മലയോര പ്രദേശത്ത് 1.24 ഹെക്ടർ ട്യൂബുലാർ തണൽവല സ്ഥാപിച്ചതിന് 50.48 ലക്ഷം രൂപയും ധനസഹായം നൽകി. 6.21 ഹെക്ടറിൽ Anti Bird / Anti Hail nets സ്ഥാപിച്ചതിന് 10.86 ലക്ഷം രൂപയും പോളീഹൗസിൽ കൃഷി ചെയ്യുന്നതിനുള്ള മൂല്യം കൂടിയ പച്ചക്കറികളുടെ നടീൽ വസ്തുക്കളുടെ ചെലവിനും കൃഷിയ്ക്കുമായി 2 ഹെക്ടറിന് 13.97 ലക്ഷം രൂപയും, 0.42 ഹെക്ടറിൽ ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിയ്ക്കായി 14.82 ലക്ഷം രൂപയും 0.13 ഹെക്ടറിൽ കാർണേഷൻ, ജർബറ എന്നിവയുടെ കൃഷിയ്ക്കായി 3.95 ലക്ഷം രൂപയും, 0.18 ഹെക്ടറിൽ റോസ്, ലില്ലി എന്നിവയുടെ കൃഷിയ്ക്കായി 3.87 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

സമതല പ്രദേശത്ത് 30.66 ഹെക്ടറിൽ പ്ലാസ്റ്റിക് പുതയിടീലിന് 4.90 ലക്ഷം രൂപയും മലയോര പ്രദേശത്ത് 36.79 ഹെക്ടറിൽ പ്ലാസ്റ്റിക് പുതയിടീലിന് 6.77 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

7. സംയോജിത രോഗ–കീട നിയന്ത്രണം

- സംയോജിത രോഗ–കീട നിയന്ത്രണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലയിൽ യൂണിറ്റൊന്നിന് 25 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി ചെലവിന്റെ 100 ശതമാനം ധനസഹായം നൽകി വരുന്നു.

  2023-24 സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ തിരുവനന്തപുരം ജില്ലയിൽ ഒരു പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് സ്ഥാപിക്കുന്നതിനായി 12.425 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- സംയോജിത രോഗ–കീട നിയന്ത്രണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ബയോകൺട്രോൾ ലാബുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലയിൽ യൂണിറ്റൊന്നിന് 90 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി ചെലവിന്റെ 100 ശതമാനം ധനസഹായം നൽകി വരുന്നു.

  2023-24 സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ പാലക്കാട് ജില്ലയിലെ പട്ടാമ്പി ആർ.എ.ആർ.എസ്.-ൽ ഒരു യൂണിറ്റ് ബയോകൺട്രോൾ ലാബ് സ്ഥാപിക്കുന്നതിനായി 90.00 ലക്ഷം രൂപയും മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും പൊതുമേഖലയിൽ കോട്ടയം, കുമരകം റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ ഒരു ബയോകൺട്രോൾ ലാബ് സ്ഥാപിക്കുന്നതിനായി രണ്ടാമത്തെ ഗഡുവായ 24.695 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

8. ജൈവകൃഷി

30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/- രൂപ ധനസഹായം നൽകുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 86 മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 42.87 ലക്ഷം രൂപ ചെലവഴിച്ചു.

9. **മികവിന്റെ കേന്ദ്രം– സെന്റർ ഓഫ് എക്സലൻസ്**

**മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയുടെയും സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെയും സഹായത്തോടെ, ഇൻഡോ–ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി– പുഷ്പ വിളകളുടെ ഒരു 'മികവിന്റെ കേന്ദ്രം' (സെന്റർ ഓഫ് എക്സലൻസ്), വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിക്കുന്നതിനായി 7.67 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.ഐ.ഡി.എച്ച് പദ്ധതി പ്രകാരവും 7.82 കോടി രൂപ സംസ്ഥാന**

സർക്കാരിന്റെ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതി പ്രകാരവും വകയിരുത്തിയിട്ടുണ്ട്.

ഹൈടെക് രീതിയിലുള്ള 5 ഡച്ച് പോളീഹൗസുകൾ, 4 ഇന്ത്യൻ പോളീഹൗസുകൾ, പച്ചക്കറി– പുഷ്പ വിളകളുടെ നടീൽ വസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ, 2 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള കൃത്യതാകൃഷി, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി സെന്റർ, പച്ചക്കറി–പുഷ്പ വിപണനത്തിനായുള്ള ഫെസിലിറ്റേഷൻ സെന്റർ, കർഷകർക്കും സാങ്കേതിക പ്രവർത്തകർക്കുമുള്ള പരിശീലന കേന്ദ്രം, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2023–24 സാമ്പത്തിക വർഷം എം.ഐ.ഡി.എച്ച് പദ്ധതിയിൽ 166.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## 10. തേനീച്ച വളർത്തൽ

തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകം നോഡൽ ഏജൻസിയായ ഹോർട്ടിക്കോർപ്പ് എന്ന മുഖാന്തിരമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരള നടപ്പിലാക്കി വരുന്നത്. തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തേനീച്ച കോളനികളും പെട്ടികളും സ്ഥാപിക്കുന്നതിന് 280/– രൂപ വീതവും, തേനീച്ച വളർത്തുന്നതിനുള്ള ഉപകരണങ്ങളായ എക്സ്ട്രാക്ടറിന് 1800/– രൂപയും, സ്മോക്കർ കത്തി മുതലായവയ്ക്ക് 400/– രൂപയും ധനസഹായം നൽകുന്നു.

2023–24 സാമ്പത്തിക വർഷത്തിൽ ഈ ഘടകത്തിൽ ഉൾപ്പെടുത്തി 49.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## 11. ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം

ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 20 പി.റ്റി.ഒ എച്ച്പി വരെയുള്ള ട്രാക്ടറുകൾക്ക് യൂണിറ്റൊന്നിന് 1.00 ലക്ഷം രൂപയും, 8 ബി.എച്ച്.പിയ്ക്ക് താഴെയുള്ള പവ്വർ ടില്ലറുകൾക്ക് യൂണിറ്റൊന്നിന് 50,000/– രൂപയും, 8 ബി.എച്ച്.പിയ്ക്ക് മുകളിലുള്ള പവ്വർ ടില്ലറുകൾക്ക് 75,000/– രൂപയും, സ്വയം പ്രവർത്തിക്കുന്ന (സെൽഫ് പ്രൊപ്പെല്ലഡ്) ഹോർട്ടിക്കൾച്ചർ യന്ത്രങ്ങളായ വീഡ് കട്ടർ, ഫ്രൂട്ട് പ്ലക്കർ, ഫ്രൂട്ട് ഹാർവെസ്റ്റർ, ട്രീ പ്രൂണർ എന്നിവയ്ക്ക് 1.25 ലക്ഷം രൂപയും, മാനുവൽ സ്പ്രേയറുകൾക്ക് (കാലുകൊണ്ട് പ്രവർത്തിപ്പിക്കുന്നവ/ നാപ്സാക്) യൂണിറ്റൊന്നിന് 600 രൂപയും, 8–12 ലിറ്റർ വരെ സംഭരണശേഷിയുള്ള പവ്വർ നാപ്സാക് സ്പ്രേയറിന് 3100/– രൂപയും, 12–16 ലിറ്റർ വരെ സംഭരണ ശേഷിയുള്ള പവ്വർ നാപ്സാക് സ്പ്രേയറുകൾക്ക് 3800/– രൂപയും, 16 ലിറ്ററിൽ കൂടുതൽ സംഭരണ ശേഷിയുള്ള പവ്വർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 10000/– രൂപയും, പരിസ്ഥിതി സൗഹൃദ വിളക്ക് കെണികൾക്ക് യൂണിറ്റൊന്നിന് 1400/– രൂപയും ധനസഹായം നൽകുന്നു. യന്ത്രങ്ങൾക്കുള്ള ധനഹായം പട്ടികജാതി/ പട്ടികവർഗ്ഗ

/ചെറുകിട/നാമമാത്ര കർഷകർ/ സ്ത്രീകൾക്കാണ് നൽകുന്നത്. നിലവിൽ ഈ പദ്ധതി സംസ്ഥാനത്ത് SMAM മുഖാന്തിരം നടപ്പിലാക്കി വരുന്നു.

മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി 8 ബി.എച്ച്.പിയ്ക്ക് താഴെയുള്ള പവർ ടില്ലറുകൾ, 8 ബി.എച്ച്.പിയ്ക്ക് മുകളിലുള്ള പവർ ടില്ലറുകൾ, സ്വയം പ്രവർത്തിക്കുന്ന (സെൽഫ് പ്രൊപ്പെല്ഡ്) ഹോർട്ടിക്കൾച്ചർ യന്ത്രങ്ങളായ കളവെട്ട് യന്ത്രം, പഴംപറിക്കൽ യന്ത്രം, വൃക്ഷങ്ങളുടെ കൊമ്പ്കോതൽ യന്ത്രം, മാനുവൽസ്പ്രേയറുകൾ, വിവിധ സംഭരണ ശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾ, പരിസ്ഥിതി സൗഹൃദ വിളക്ക് കെണികൾ എന്നിവയ്ക്കായി ആകെ 2.8923 ലക്ഷം രൂപ വിനിയോഗിച്ചു.

## 12. സാങ്കേതിക വിജ്ഞാന വ്യാപനം

- വിജ്ഞാനവ്യാപനത്തിന് ഫ്രണ്ട് ലെയിൻ ഡെമോൺസ്ട്രേഷൻ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ വരെ പൊതുമേഖലയിലും (100% സബ്സിഡി നിരക്കിൽ), 18.75 ലക്ഷം രൂപ വരെ (75% സബ്സിഡി നിരക്കിൽ) കർഷകർക്കും നൽകാവുന്നതാണ്.

  2023-24 സാമ്പത്തിക വർഷം പൊതുമേഖലയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വയനാട് അമ്പലവയൽ ആർ.എ.ആർ.എസ്.-ന് വിയറ്റ്നാം മോഡൽ ബ്ലാക്ക് പെപ്പർ കൃഷിയുടെ പ്രദർശന യൂണിറ്റ് നടത്തുന്നതിനായി 25.00 ലക്ഷം രൂപ അനുവദിച്ചു.

## 13. മാനവവിഭവശേഷി വികസനം

1. കർഷകർക്കായുള്ള പരിശീലന പരിപാടി

   2023-24 സാമ്പത്തിക വർഷത്തിൽ മാനവിഭവശേഷി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 420 കർഷകർക്ക് സംസ്ഥാനത്തിനകത്ത് പരിശീലനം നൽകുന്നതിന് 4.2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന് പുറത്തുള്ള പഠനയാത്രയ്ക്ക് 9.0 ലക്ഷം രൂപയും പരിശീലനത്തിന് 12.00 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

   കാർഷിക രംഗത്തെ ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് അറിയുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഇത് സഹായകമായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് CFTRI Mysore, IIHR Bangalore, CoE for Cutflowers, Krishnagiri, Tamilnadu, Indo- American Hybrid Seeds Pvt. Ltd. Bangalore, National Research Centre for Banana Tiruchirappalli, HRS Kodaikanal, NIFTEM Thanjavur തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിക്കാൻ സാഹചര്യം ഒരുക്കി.

2. ഉദ്യോഗസ്ഥ–സാങ്കേതിക വിദഗ്ധർക്കുള്ള പരിശീലനം/പഠനയാത്ര

ഈ ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനകത്ത് പരിശീലന പരിപാടികൾ നടത്തിയതിന് 7.61 ലക്ഷം രൂപയും കാർഷിക മേഖലയിൽ മുന്നിട്ട് നിൽക്കുന്ന മറ്റ് സംസ്ഥാനങ്ങളിലേയ്ക്കുള്ള പഠനയാത്രയ്ക്ക് 12.12 ലക്ഷം രൂപയും ചെലവഴിച്ചു. ഉദ്യോഗസ്ഥർക്ക് Directorate of Mushroom Research, Solan, Central Potato Research institute, Simla, IARI, IIHR, Horticulture Research Station Ooty, Central Coastal Agricultural Research Institute Goa തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരമുണ്ടായി.

14. സംയോജിത വിളവെടുപ്പാനന്തര പരിപാലനം

- സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോരപ്രദേശത്ത് 25.00 ലക്ഷം രൂപയും സമതലപ്രദേശങ്ങളിൽ റീഫർവാൻ (9 മെ.ടൺ സംഭരണശേഷി) വാങ്ങുന്നതിനായി യൂണിറ്റൊന്നിന് 9.10 ലക്ഷം രൂപയും മലയോര പ്രദേശത്ത് 13.00 ലക്ഷം രൂപയും, സമതല പ്രദേശങ്ങളിൽ റൈപ്പനിംഗ് ചേമ്പർ സ്ഥാപിക്കുന്നതിന് 1 മെ.ടണ്ണിന് (35%) 0.35 ലക്ഷം രൂപയും മലയോര പ്രദേശത്ത് (50%) 0.50 ലക്ഷം രൂപയും, സമതല പ്രദേശങ്ങളിൽ പ്രൈമറി/ മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് (40%) 10 ലക്ഷം രൂപയും മലയോര പ്രദേശത്ത് (55%) 13.75 ലക്ഷം രൂപയും, പുതിയ പ്രിസർവേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപയും നിലവിലുള്ള പ്രിസർവേഷൻ യൂണിറ്റുകളുടെ ശാക്തീകരണത്തിനായി യൂണിറ്റൊന്നിന് 0.5 ലക്ഷം രൂപയും ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

  ഈ പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ 30 പായ്ക്ക്ഹൗസ് യൂണിറ്റുകൾ സ്ഥാപിച്ചതിനായി 58.98961 ലക്ഷം രൂപയും, സമതല പ്രദേശത്ത് 5 പ്രൈമറി/ മൊബൈൽ/ മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിച്ചതിനായി 49.338800 ലക്ഷം രൂപയും മലയോര പ്രദേശത്ത് 3 യൂണിറ്റ് സ്ഥാപിച്ചതിനായി 32.741410 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഒരു പുതിയ പ്രിസർവേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 5.646 ലക്ഷം രൂപയും നിലവിലുള്ള ഒരു പ്രിസർവേഷൻ യൂണിറ്റ് ശാക്തീകരണത്തിനായി 0.50 ലക്ഷം രൂപയും ഒരു റീഫർ വാനിനായി 4.34 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

15. വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം

ഹോർട്ടിക്കൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചില്ലറ വ്യാപാര വിപണികൾ, പഴം–പച്ചക്കറി വിപണനത്തിനായി ഉന്തുവണ്ടികൾ, സംഭരണം– തരംതിരിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മാ പരിശോധനാ ലാബ് (ക്വാളിറ്റി കൺട്രോൾ/ അനാലിസിസ് ലാബ്) എന്നിവ ഈ പദ്ധതിയിൽ സ്ഥാപിക്കുന്നതാണ്. ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും, പഴം–പച്ചക്കറി വിപണനത്തിനായുള്ള ഉന്ത് വണ്ടികൾക്ക് 15000/- രൂപയും, സംഭരണം– തരംതിരിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സമതല പ്രദേശത്ത് 6 ലക്ഷം രൂപയും മലയോര പ്രദേശത്ത് 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

2023–24 സാമ്പത്തിക വർഷത്തിൽ ഹോർട്ടിക്കൾച്ചർ വിളകളുടെ പ്രാദേശീയ വിപണി ശാക്തീകരിക്കുന്നതിവായി 35 സ്റ്റാറ്റിക്/ മൊബൈൽ/വെൻഡിംഗ് കാർട്ടിനായി 5.25 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

16. **മിഷൻ മാനേജ്മെന്റ്**

സെമിനാറുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ, ജില്ലാതല–സംസ്ഥാനതല– അന്തർദേശീയ മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും പങ്കെടുക്കുന്നതിനും 2023– 24 സാമ്പത്തിക വർഷത്തിൽ 25.46695 ലക്ഷം രൂപ വിനിയോഗിച്ചു. ജൂലൈ 21 മുതൽ 23 വരെ ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിച്ച International Agricultural and Horti Expo 2023–ൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷകരേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു. 2024 ഫെബ്രുവരി 22 മുതൽ 24 വരെ ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിച്ച India International Horti Expo -യിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് പങ്കെടുക്കുകയുണ്ടായി. ഈ രണ്ട് എക്സിബിഷനിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയ്ക്ക് ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു.

കൂടാതെ, പദ്ധതികളുടെ പ്രചരണത്തിനായി 2.22 ലക്ഷം രൂപയും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ പ്രവർത്തനത്തിനായി 10.61 ലക്ഷം രൂപയും മിഷന്റെ ഭരണ പരമായ ചിലവുകൾക്കായി 451.58 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

**രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)**

2023–24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) 2022–23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 100.29 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലത്തെ കൃത്യാതാകൃഷി

നടപ്പിലാക്കി. ലഭ്യമായ 139.05128 ലക്ഷം രൂപയിൽ 113.02578 ലക്ഷം രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്.

NABARD – റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (RIDF)

ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII ഉൾപ്പെടുത്തി 46.8123 കോടി രൂപയുടെ രണ്ട് പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള നടപ്പിലാക്കി വരുന്നു.

1. **കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി 2347.99 ലക്ഷം രൂപയുടെ സെന്റർ ഫോർ പെരിഷബിൾ കാർഗോ** സ്ഥാപിക്കുന്നു. കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താ വളങ്ങളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. കണ്ണൂർ വിമാനത്താവളത്തിൽ 859 ലക്ഷം രൂപയുടെ പദ്ധതി Kannur International Airport Limited. (KIAL)-ഉം, കോഴിക്കോട്, (613.11 ലക്ഷം രൂപയുടെ പദ്ധതി) തിരുവനന്തപുരം ( 613.23 ലക്ഷം രൂപയുടെ പദ്ധതി) വിമാനത്താവളങ്ങളിൽ Kerala State Industries Enterprises (KSIE) –യും ആണ് പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിരുന്നത്.

